**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3869** **17-03-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള (കാറ്റഗറി നമ്പർ 537/2022) നിയമനത്തിനായി എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 537/2022) 10.03.2025 വരെ 2158 ഒഴിവുകൾ കേരള പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബറ്റാലിയൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത തസ്തികയിലേക്ക് ലഭ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | എ.ആർ. ട്രാൻസ്ഫർ വഴിയുള്ള ഒഴിവുകൾ, പ്രൊമോഷൻ ഒഴിവുകൾ, ആർ.ആർ.ആർ.എഫ്, എസ്.ഐ.എസ്.എഫ്. എന്നിവയിലേക്ക് ഡെപ്യൂട്ടേഷനിൽ പോയത് മൂലമുണ്ടായ ഒഴിവുകൾ എന്നിവ എത്രയെന്നും അവ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ഒഴിവുകളുടെ വിവരം ബറ്റാലിയൻ തിരിച്ച് നൽകാമോ; | (സി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഒഴിവുകൾ കണക്കാക്കുന്ന ദിവസം ടി ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾക്കൊപ്പം ടി ബറ്റാലിയനിൽ നിന്ന് ബൈ ട്രാൻസ്ഫർ നിയമനം നടക്കുന്ന ജില്ലകളിലും ജില്ലകളിലുള്ള സ്പെഷ്യൽ യൂണിറ്റുകളിലും സിവിൽപോലീസ് ഓഫീസർ, പ്രൊമോഷൻ വഴി നികത്തേണ്ട സീനിയർ സിവിൽ പോലീസ് ഓഫീസർ /അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ / സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഒഴിവുകൾ കൂടി ചേർത്താണ് ടി ബറ്റാലിയനിലേക്ക് നിയമന ശിപാർശ നൽകുന്നതിനായി PSC ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്തതിനുശേഷം ജില്ലയിലെ ഒഴിവുകൾ ബറ്റാലിയനിൽ നിന്നും നികത്തുന്നതിന്റെ ഫലമായി (കെ സി പി ബൈ-ട്രാൻസ്ഫർ നിയമനം) പുതിയ ഒഴിവുകൾ ബറ്റാലിയനിൽ ഉണ്ടാകുന്നില്ല. |
| (ഡി) | 2025 ഏപ്രിലിൽ അവസാനിക്കുന്ന സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കാറ്റഗറി നമ്പർ 537/2022 റാങ്ക് പട്ടികയ്ക്ക് വേണ്ടി ടി റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്ന 14/05/2025 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ ഒഴിവുകളും കൃത്യമായി അവലോകനം ചെയ്യുകയും, ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിശ്ചിത അനുപാതത്തിൽ മുൻവർഷങ്ങളിൽ ചെയ്തിരുന്നത് |

| | | | |
|---|---|---|---|
| | | | പോലെ സമയബന്ധിതമായി പി എസ് സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

| Name of Battalion | DETAILS OF VACANCIES | | |
|---|---|---|---|
| | Fresh | NJD | Total |
| SAP | 196 | 48 | 244 |
| KAP I | 201 | 23 | 224 |
| KAP II | 299 | 45 | 344 |
| KAP III | 228 | 34 | 262 |
| KAP IV | 322 | 34 | 356 |
| KAP V | 273 | 20 | 293 |
| MSP | 391 | 44 | 435 |
| Total | 1910 | 248 | 2158 |